പഠനം

റാശിദുല്‍ ഗനൂശി

സ്ത്രീ ഖുര്‍ആനിലും മുസ്‌ലിം ജീവിതത്തിലും - 6

# 'മനുഷ്യര്‍ക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു, സ്ത്രീകളോടുള്ള സ്നേഹം...'

**സ്ത്രീയോടുള്ള ആകര്‍ഷണം വളരെ യുക്തിപൂര്‍വം അല്ലാഹു നിക്ഷേപിച്ച ഒരു വികാരമാണ്. പ്രജനനത്തിലൂടെ മനുഷ്യ വംശത്തെ നിലനിര്‍ത്തുക എന്നതാണ് ആ യുക്തി. പ്രജനനത്തിന്റെ ഇടം സ്ത്രീയാണ്. അതിനാല്‍ പുരുഷന്‍ അവളിലേക്ക് ആകര്‍ഷിക്കപ്പെടുന്നത് തീര്‍ത്തും സ്വാഭാവിക മത്രെ. അല്ലായിരുന്നെങ്കില്‍ പ്രജനനം ഒരു ബാധ്യതാ നിര്‍വഹണം പോലെ ആവുകയും അത് ചിലപ്പോള്‍ മടുപ്പുളവാക്കുകയും ചെയ്യുമായിരുന്നു.**

"**സ്ത്രീകള്‍,** സന്താനങ്ങള്‍, സ്വര്‍ണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങള്‍, മേത്തരം കുതിരകള്‍, കാലികള്‍, കൃഷിയിടങ്ങള്‍ തുടങ്ങിയവയോടുള്ള മോഹം മനുഷ്യര്‍ക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു. എന്നാല്‍ അതൊക്കെയും ഏതാനും നാളത്തെ ഐഹികജീവിതത്തിനുള്ള വിഭവങ്ങളാകുന്നു. വാസ്തവത്തില്‍ ഏറ്റവും ഉത്കൃഷ്ടമായ പാര്‍പ്പിടം അല്ലാഹുവിങ്കലത്രെ. പറയുക, ഇതിനേക്കാള്‍ ഉത്തമമായതെന്തെന്ന് ഞാന്‍ നിങ്ങളെ അറിയിക്കട്ടെയോ? ഭക്തിയുടെ പാത സ്വീകരിക്കുന്നവര്‍ക്ക് അവരുടെ നാഥങ്കല്‍ ആരാമങ്ങളുണ്ട്. അതിന് കീഴെ നദികള്‍ ഒഴുകിക്കൊണ്ടിരിക്കും. അവരവിടെ സ്ഥിരവാസികളായിരിക്കും. അവര്‍ക്കവിടെ പരിശുദ്ധരായ ഇണകളുണ്ട്; ഒപ്പം ദൈവപ്രീതിയും. അല്ലാഹു തന്റെ അടിമകളുടെ അവസ്ഥകള്‍ കണ്ടറിയുന്നവനാണ്" (*ആലുഇംറാന്‍* 14,15).

മനുഷ്യവിമോചന പ്രവര്‍ത്തനങ്ങള്‍ക്ക് മുന്നിട്ടിറങ്ങാന്‍ വേണ്ട ശിക്ഷണ പരിശീലനങ്ങള്‍ മുസ്‌ലിം സമൂഹത്തിന് നല്‍കിക്കൊണ്ടിരിക്കുന്ന വേളയിലാണ് മേല്‍കൊടുത്ത രണ്ട് ഖുര്‍ആനിക സൂക്തങ്ങള്‍ അവതരിച്ചിട്ടുള്ളത്. ജനങ്ങള്‍ക്കിടയില്‍ ജീവിക്കുകയും അവരുടെ വിമോചനത്തിന് വേണ്ടി യത്നിക്കുകയും ചെയ്യുന്ന വിശ്വാസി സമൂഹത്തിലെ ഓരോ വ്യക്തിയുടെയും മനസ്സും ആത്മാവും ഭൗതിക പ്രലോഭനങ്ങളില്‍നിന്ന് മുക്തമായിരിക്കണം. മറ്റു ജനവിഭാഗങ്ങളെപ്പോലെ ക്ഷണികവും ഹ്രസ്വവുമായ ജീവിത കാമനകളും താല്‍പര്യങ്ങളും ഈ മഹോന്നത ലക്ഷ്യത്തില്‍നിന്ന് അവരെ വഴിതെറ്റിക്കാന്‍ പാടില്ല. ഏതൊരു നാഗരികതയുടെയുംചരിത്രവും വര്‍ത്തമാനവും പരിശോധിക്കുക. ലൈംഗിക വികാരങ്ങളോടും സന്താനങ്ങളോടും പണത്തോടും സ്ഥാനമാനങ്ങളോടും ആഡംബരങ്ങളോടും മറ്റും ആ നാഗരികത സ്വീകരിക്കുന്ന നിലപാടുമായി ബന്ധപ്പെട്ടിരിക്കുന്നു അതിന്റെ നിലനില്‍പ് എന്ന് കാണാന്‍ കഴിയും. ഇത്തരം ശാരീരികേഛകളോട് വിവിധ സമുദായങ്ങള്‍ കൈക്കൊണ്ട പലവിധ

പരീക്ഷണങ്ങളാൽ സമ്പന്നമാണ് ചരിത്രം.

പൗരാണിക സമൂഹങ്ങളെക്കുറിച്ച പഠനത്തിൽ പ്രമുഖ ദാർശനികനായ മാലിക് ബിന്നബി, വിശപ്പടക്കുക എന്ന തിനപ്പുറം ചിന്ത പോവാത്ത ചില നാഗരിക പൂർവ വിഭാഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ മറ്റു ചില വിഭാഗങ്ങൾ ചില മൂല്യങ്ങളും തത്ത്വങ്ങളും സ്വായത്തമാക്കിയതായും അവർ തങ്ങളുടെ ഊർജം ഒരു നിർണിത ലക്ഷ്യത്തിനു വേണ്ടി സമാഹരിച്ചതായും അദ്ദേഹം കണ്ടെത്തുന്നു. ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ കണ്ടെത്തി തുറന്നു വിട്ടത് രണ്ടാമത് പറഞ്ഞ വിഭാഗങ്ങളായതുകൊണ്ട് അവർ സകല മേഖലകളിലും ഉയർച്ചയും മേധാവിത്വവും നേടുന്നു. എന്നാൽ ഈ തത്ത്വങ്ങൾക്ക് ശാരീരിക കാമനകളുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുകയും അവയെ ക്രിയാത്മകമായി ഉപയോഗിക്കാനുള്ള കഴിവ് ഇല്ലാതാവുകയും ചെയ്യുന്നതോടെ നാഗരികതയുടെ സൂര്യൻ അസ്തമയത്തിലേക്ക് നീങ്ങുന്നു.

ശാരീരിക കാമനകളെ അനിയന്ത്രിതമായി തുറന്നുവിട്ടതുകൊണ്ടായിരിക്കില്ല ചിലപ്പോഴെങ്കിലും നാഗരികതയുടെ പതനം സംഭവിച്ചിട്ടുണ്ടാവുക. ആ കാമനകളെ അടക്കിയൊതുക്കി വെച്ചാലും നാഗരികത നിശ്ചേതനമാവുകയും അതിന്റെ ഊർജം ചോർന്നുപോവുകയും ഇലയും പൂവും കൊഴിഞ്ഞ് അത് ഉണങ്ങിപ്പോവുകയും ചെയ്തേക്കാം. അപ്പോൾ യഥാർഥ വെല്ലുവിളി, മനുഷ്യന്റെ കാമനകളെ ഏതു വഴിക്ക് തുറന്നുവിട്ടാലാണ് അത് സമൂഹത്തിന്റെ പുരോഗതിക്കും വികാസത്തിനും പ്രയോജനപ്പെടുക എന്ന് കണ്ടെത്തുകയാണ്. ഇഛകളെ നിയന്ത്രിക്കാനെന്ന പേരിൽ, അവയെ ഒന്നാകെ അടിച്ചമർത്തിയാൽ സമൂഹഗാത്രത്തിൽ രക്തയോട്ടം നിലക്കും. അത് ശൈഥില്യത്തിനും ഛിദ്രതക്കും വഴിവെക്കും. ഈ രണ്ടിനും മധ്യേയുള്ള ഒരു ശിക്ഷണ നാഗരിക ചിന്താപദ്ധതിയെക്കുറിച്ചാണ് ഈ രണ്ട് സൂക്തങ്ങളും സംസാരിക്കുന്നത്.

ഈ സൂക്തങ്ങൾ അവതരിക്കുന്ന സന്ദർഭത്തിൽ ശരീര കാമനകളെക്കുറിച്ച് രണ്ടുതരം ചിന്താഗതികളാണ് പ്രധാനമായും നിലവിലുണ്ടായിരുന്നത്. ഒന്ന്, ഇത്തരം മോഹങ്ങളെയും ആഗ്രഹങ്ങളെയും നീചമായി കാണുന്ന ക്രൈസ്തവ വീക്ഷണം. ഒരാൾ വിശുദ്ധി കൈവരിക്കണമെങ്കിൽ ഈ മാലിന്യങ്ങളിൽ നിന്നൊക്കെ അയാൾ ഒഴിഞ്ഞു

**പ്രവാചകൻ മറ്റൊരിക്കൽ പറയുകയുണ്ടായി: "സുഗന്ധങ്ങളും സ്ത്രീകളും എനിക്ക് പ്രിയമാണ്. എന്റെ കൺകുളിർമ നമസ്കാരവുമാണ്." നമസ്കാരവും സ്ത്രീ പുരുഷബന്ധവും തമ്മിലുള്ള വേർതിരിവുകൾ മായ്ച്ചു കളയുന്നവിധം ഈ പൂർണ മനുഷ്യനിൽ അവ രണ്ടും ചേർന്നു നിൽക്കുന്നത്, ലൈംഗികതയെ മ്ലേഛമായി കരുതുന്ന എല്ലാ കെട്ടുകഥകളെയും മതബോധനങ്ങളെയും തകർക്കുന്നതാണ്.**


മാലിക് ബിന്നബി

നിൽക്കണം. ഇനി നിയന്ത്രിക്കാനാവാതെ വന്നാൽ ഇഛകളെ വെറുത്തുകൊണ്ടു തന്നെ അയാൾക്ക് അവയെ ശമിപ്പിക്കാം. ഈ ആനന്ദം അയാൾ കയ്പോടെ കടിച്ചിറക്കുന്ന ഒന്നായിരിക്കും. കുറ്റബോധവും അപകർഷവും മാത്രമേ ഈ ഇഛാപൂരണം അയാളിൽ ഉണ്ടാക്കൂ. ഇതിന്റെ വേരുകൾ ചെന്നെത്തുന്നത് ഹവ്വയുടെ ആദിപാപത്തിലാണെന്ന് പറയേണ്ടതില്ല. പൈശാചിക ദുർബോധനങ്ങളുടെ പ്രതീകമാണല്ലോ അവിടെ ഹവ്വ. സ്ത്രീയും ദുൻയാവും അതിലെ അലങ്കാരങ്ങളുമെല്ലാം പിശാച് മനുഷ്യനെ മോഹിപ്പിക്കാനായി കാട്ടിത്തരുന്നതാണ്. പിശാചിന് തന്റെ ഇരകളെ ദൈവമാർഗത്തിൽനിന്ന് റാഞ്ചിയെടുക്കാനുള്ള ഉപകരണങ്ങൾ മാത്രമാണ് ഈ അലങ്കാരങ്ങളെല്ലാം. ജൂത സമൂഹത്തിലും ബിംബാരാധക സമൂഹങ്ങളിലും നിലനിന്നിരുന്ന വീക്ഷണമാണ് രണ്ടാമത്തേത്. ലൈംഗികതയാവട്ടെ, ഭൗതികമായ മറ്റെന്തെങ്കിലും ആർത്തികളാവട്ടെ അതെല്ലാം എങ്ങനെയും ശമിപ്പിക്കുക എന്നതാണ് അവരുടെ രീതി. മനുഷ്യന്റെ മോഹങ്ങളെ പാടെ വിലക്കുകയോ അവയെ അനിയന്ത്രിതമായി തുറന്നുവിട്ട് അവമതിക്കുകയോ ചെയ്യാതെ പുതിയൊരു നിലപാടുമായാണ് ഖുർആൻ രംഗത്തുവരുന്നത്. "ചോദിക്കുക, അല്ലാഹു അവന്റെ ദാസന്മാർക്ക് നൽകിയ അലങ്കാരങ്ങളും ദൈവിക ദാനമായ ഉത്തമ വിഭവങ്ങളും വിലക്കിയവനാരാണ്?" (*അൽഅഅ്റാഫ്* 32). അതേ സമയം ദേഹേഛകളെ ദൈവം ചമയാൻ സമ്മതിക്കുകയുമില്ല. "തന്റെ ദേഹേഛയെ ദൈവമാക്കിയവനെ നീ കണ്ടോ?" (*അൽജാസിയ* 23). നിലവിലുള്ള എല്ലാ കാഴ്ചപ്പാടുകളെയും തള്ളിക്കളഞ്ഞ് ജീവിതത്തെ പുതുക്കാനും അതിന്റെ പുരോഗതി ഉറപ്പുവരുത്താനും ഇസ്‌ലാം സ്വന്തമായ ഒരു വ്യവസ്ഥ ആവിഷ്കരിക്കുകയാണ് ചെയ്യുന്നത്. ആ വ്യവസ്ഥയിൽ മനുഷ്യന്റെ മോഹങ്ങൾക്ക് മാനസികവും ശാരീരികവും വ്യക്തിപരവും സാമൂഹികവുമായ ചില മൗലിക ധർമങ്ങൾ നിർവഹിക്കാനുണ്ട്. ഇവയൊക്കെയും മനുഷ്യസത്തയിൽ ആഴത്തിൽ വേരൂന്നിയവയാണെന്നും ധ്വനിപ്പിക്കുന്നു.

"ഈ മോഹങ്ങളും ആഗ്രഹങ്ങളുമെല്ലാം സഹജവും മനുഷ്യപ്രകൃതിയുടെ ഭാഗവും സ്രഷ്ടാവുതന്നെ സംവിധാനിച്ചിട്ടുള്ളതുമാണ്. ജീവിതത്തിന്റെ സുരക്ഷയും അതിന്റെ വ്യാപനവും വികാസവും ഉറപ്പുവരുത്താനാണ് അവയെ മനുഷ്യപ്രകൃതിയുടെ ഭാഗമാക്കിയിരിക്കുന്നത്. അവയെ ഉന്മൂലനം ചെയ്യുകയോ അമർത്തിവെക്കുകയോ ഇസ്‌ലാമിന്റെ രീതിയല്ല. ആ മോഹങ്ങളെ നിയന്ത്രിക്കുകയും ചിട്ടപ്പെടുത്തുകയും അവയുടെ കുത്തിയൊഴുക്കിന്റെ കാഠിന്യം ഇല്ലാതാക്കുകയുമാണ് ഇസ്‌ലാം ചെയ്യുന്നത്. ഈ മോഹങ്ങളെയെല്ലാം നിയന്ത്രിക്കുന്നവനും നിജപ്പെടുത്തുന്നവനുമാവണം മനുഷ്യൻ.

മോഹങ്ങൾ മനുഷ്യനെ ഭരിക്കുന്ന അവസ്ഥ ഉണ്ടാവരുത്. ഉയരങ്ങളിലേക്ക് കയറിപ്പോകാൻ അഭിലഷിക്കുന്ന ഒരു ആത്മാവിനെ പരിശീലിപ്പിച്ചെടുക്കുകയാണ് ഇവിടെ."[1]

അപ്പോൾ ഇസ്‌ലാമിക വീക്ഷണത്തിൽ, ഒരു വ്യക്തിയിലുണ്ടാവുന്ന ഇത്തരം മോഹങ്ങളെ തിന്മയായോ ന്യൂനതയായോ കാണേണ്ടതില്ല. ആ മോഹങ്ങളൊക്കെ ഉണ്ടാക്കുന്നത് പിശാചാണ് എന്ന നിഗമനത്തിലും (ചിലരൊക്കെ ആ നിഗമനത്തിലാണുള്ളത്) വലിയ കാര്യമില്ല. ഇവയെ മനുഷ്യഘടനയിലെ അടിസ്ഥാന ചോദനകളായി കാണാൻ കഴിയണം. അത് ദൈവിക സൃഷ്ടിക്രമത്തിന്റെ ഭാഗവുമാണ്. മനുഷ്യന്റെ നിലനിൽപുമായും വളർച്ചയുമായും അവക്ക് അഭേദ്യബന്ധമുണ്ട്. ഇത്തരം വികാരങ്ങളോ മോഹങ്ങളോ ഒന്നുമില്ലെങ്കിൽ മനുഷ്യന്റെ പോരാട്ടങ്ങൾക്കും ത്യാഗങ്ങൾക്കും അവൻ അകപ്പെടുന്ന പരീക്ഷണങ്ങൾക്കും എന്തർഥം?

അതിനാൽ ആദ്യം ചേർത്ത ഖുർആൻ സൂക്തത്തിൽ 'അലങ്കാരമാക്കപ്പെട്ടിരിക്കുന്നു' എന്ന പ്രയോഗത്തിൽ, ആരാണ് അലങ്കാരമായി തോന്നിപ്പിക്കുന്നത് എന്ന ചോദ്യത്തിന് 'പിശാച്' എന്ന് ഉത്തരം കാണേണ്ട കാര്യമില്ല. ഇതിന്റെ കർതൃത്വം അല്ലാഹുവിലേക്ക് ചേർക്കാതിരിക്കാനാണ് ചിലർ ഇങ്ങനെ ചെയ്യുന്നത്. 'അലങ്കാരമാക്കൽ' (തസ്‌യീൻ) എന്ന ധാതുവിലെ കർത്താവ് ആര് എന്ന വിഷയത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വലിയ വാദപ്രതിവാദങ്ങൾ നടന്നത്, ജീവിതത്തിലെ എല്ലാ ആസ്വാദനങ്ങളെയും പ്രതിക്കൂട്ടിൽ നിർത്തുന്ന ആദ്യകാല ക്രൈസ്തവ-ക്രൈസ്തവേതര ജ്ഞാനവാദം (Gnosticism) അവരെ എത്രമാത്രം സ്വാധീനിച്ചു എന്നതിന് തെളിവാണ്. മനുഷ്യന്റെ ആത്മീയ പുരോഗതി സാധ്യമാവണമെങ്കിൽ, കഴിയുമെങ്കിൽ മോഹങ്ങളെ പിഴുതു മാറ്റണം എന്നാണ് ഈ വ്യാഖ്യാനകൃതികൾ വായിച്ചാൽ തോന്നുക. ഇതര നാഗരികതകളുമായുള്ള സമ്പർക്കത്തിലൂടെ ഇസ്‌ലാമിക ചിന്തയുടെ മർമസ്ഥാനങ്ങളിലേക്ക് ഒളിച്ചുകടന്ന ആശയമാണിത്.

ഖുർത്വുബി പറയുന്നു: അലങ്കാരമാക്കിയവൻ (മുസയ്യിൻ) ആര് എന്ന ചോദ്യത്തിന് ഒരു വിഭാഗത്തിന്റെ മറുപടി അല്ലാഹു എന്നാണ്. "ഭൂമുഖത്തുള്ളതൊക്കെ നാം അതിന് അലങ്കാരമാക്കിയിരിക്കുന്നു" എന്ന് ഖുർആനിൽ (*അൽകഹ്ഫ്* 7) പറയുന്നുണ്ടല്ലോ. അലങ്കാരമാക്കിയവൻ പിശാച് എന്നാണ് മറ്റേ വിഭാഗത്തിന്റെ വാദം. ഇത്തരം മോഹങ്ങളിലേക്ക് ചാഞ്ഞുപോകുന്ന ഒരു സൃഷ്ടിഘടനയും പ്രകൃതവും മനുഷ്യന് നൽകി എന്ന അർഥത്തിൽ മാത്രമാണ് ഇതിന്റെ കർതൃത്വം അല്ലാഹുവിലേക്ക് ചേർക്കാൻ പറ്റുകയുള്ളൂ. ദുർമന്ത്രണങ്ങൾ നടത്തിയും ചതിയിൽ പെടുത്തിയും ഉപയോഗിക്കാൻ പാടില്ലാത്ത വിധത്തിൽ, ആഗ്രഹസഫലീകരണത്തിന് പ്രേരണ നൽകിയുമാണ് പിശാച് 'അലങ്കാരമാക്കുന്ന'തിന്റെ കർതൃത്വം ഏറ്റെടുക്കുന്നത്.[2]

ഈ മോഹങ്ങളെ അല്ലാഹു അലങ്കാരമാക്കിവെക്കുന്നു എന്നു പറഞ്ഞാൽ അർഥം, അല്ലാഹു അവയെ മനുഷ്യനെ പരീക്ഷിക്കുന്നതിനു വേണ്ടി അവന്റെ മുമ്പിൽ ഇട്ടുകൊടുക്കുന്നു എന്നാണെന്ന് സമഖ്ശരി ചൂണ്ടിക്കാട്ടുന്നു.[3]

ത്വബ്ത്വബാഇ മറ്റൊരു നിലക്കാണ് വ്യാഖ്യാനിക്കുന്നത്. "സത്യനിഷേധികൾ ഇത്തരം മോഹങ്ങളുടെ അടിമകളായി ദൈവിക സന്മാർഗത്തിൽനിന്ന് തെറ്റിപ്പോയ കാര്യം ചൂണ്ടിക്കാണിക്കുന്ന സന്ദർഭത്തിലാണ് ഈ സൂക്തം വന്നിട്ടുള്ളത്. ദൈവസ്മരണയിൽനിന്ന് തെറ്റിച്ചു കളയുന്ന ഇത്തരം അലങ്കാരങ്ങളുടെ കർതൃത്വം അല്ലാഹുവിലേക്ക് ചേർത്തു പറയാതിരിക്കലാണ് ഉത്തമം. പ്രത്യക്ഷത്തിൽ മനസ്സിലാവുന്നത്, ക്രിയയുടെ കർത്താവ് അല്ലാഹുവല്ലെന്നും പിശാചോ മനുഷ്യ മനസ്സോ ആണെന്നുമാണ്. കാരണം ശാരീരികേഛകളെയും പണത്തെയും സ്നേഹിക്കുന്നത് മോശപ്പെട്ട കാര്യമാണല്ലോ." അതിനാൽ അലങ്കാരമാക്കൽ രണ്ടു തരമുണ്ടെന്ന് ത്വബ്ത്വബാഇ വിശദീകരിക്കുന്നു.

ഒന്ന്, അലങ്കരിക്കപ്പെട്ട ഇഹലോകം എന്ന മാധ്യമത്തിലൂടെ പരലോകവിജയത്തിലും ദൈവപ്രീതിയിലും എത്തിച്ചേരുക.

രണ്ട്, ദുനിയാവിലെ അലങ്കാരങ്ങളിൽ ഹൃദയം മുങ്ങിപ്പോവുകയും ദൈവസ്മരണയിൽനിന്ന് വിട്ടകന്നുപോവുകയും ചെയ്യുക. ഇതാണ് അഭിശപ്തവും പൈശാചികവുമായ അലങ്കാരമാക്കൽ. "പിശാച് അവർക്ക് തങ്ങളുടെ ചെയ്തികളൊക്കെ ചേതോഹരങ്ങളായി തോന്നിപ്പിക്കുന്നു" (*അന്നംല്* 24)[4]

അലങ്കാരമാക്കുന്നതിന്റെ കർതൃത്വം ചിലപ്പോൾ അല്ലാഹുവിലേക്കും ചിലപ്പോൾ പിശാചിലേക്കും ചേർത്തു പറയുന്ന ഈ വർഗീകരണം ആവശ്യമില്ലെന്നാണ് റശീദ് രിദാ പറയുന്നത്. ഏതെങ്കിലും അംശങ്ങളെക്കുറിച്ചോ ഒറ്റപ്പെട്ട സംഭവങ്ങളെക്കുറിച്ചോ അല്ല ഖുർആന്റെ പ്രസ്താവന. മനുഷ്യ പ്രകൃതത്തിന്റെ യാഥാർഥ്യമാണ് അവിടെ വിശദീകരിക്കപ്പെടുന്നത്. അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നു എന്നു പറയുകയാണ്. ഇതൊരിക്കലും പിശാചിലേക്ക് ചേർത്തു പറയാവതല്ല. ദുർമന്ത്രണം പോലുള്ള പ്രയോഗങ്ങളാൽ ഒരു ചീത്ത കർമത്തെ അലങ്കാരമാക്കി തോന്നിക്കുകയാണ് പിശാച് ചെയ്യുക. പിശാച് ഒരു നിമിത്തമായി തീരുകയാണ് ഇവിടെ അവന്റെ പ്രവൃത്തികളിലൂടെ. പിശാചിന്റെ കാര്യത്തിൽ അലങ്കാരമാക്കൽ (തസ്‌യീൻ) എന്ന വാക്ക് പ്രവൃത്തിയുമായി ബന്ധിപ്പിച്ചാണ് ഖുർആൻ പ്രയോഗിച്ചിരിക്കുന്നത് എന്ന കാര്യവും ശ്രദ്ധിക്കുക. "പിശാച് അവർക്ക് തങ്ങളുടെ ചെയ്തികളാകെ ചേതോഹരങ്ങളായി തോന്നിപ്പിക്കുന്നു" (*അന്നംല്* 24). "അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം വളരെ നല്ല കാര്യങ്ങളാണെന്ന് പിശാച് അവരെ തോന്നിപ്പിച്ചു" (*അൽഅൻആം* 43)[5]

ഇതേ ആശയമാണ് ഇബ്നു ആശൂറും പ്രകടിപ്പിക്കുന്നത്. പറയപ്പെട്ട മോഹങ്ങൾ അടിസ്ഥാനപരമായി അനുവദനീയം തന്നെയാണ്. അനുവദനീയമല്ലാത്ത രീതിയിൽ അവ സാക്ഷാത്കരിക്കാൻ ശ്രമിക്കുമ്പോഴാണ് പിശാച് കടന്നുവരുന്നത്. ഒരിക്കൽ ശിഷ്യൻമാർ നബിയോട് ചോദിച്ചു: "ഞങ്ങൾ ഞങ്ങളുടെ ലൈംഗികദാഹം ശമിപ്പിച്ചാൽ അതിനും കൂലിയുണ്ടാവുമോ?" പ്രവാചകന്റെ മറുപടി ഇതായിരുന്നു: "നിങ്ങൾ നിഷിദ്ധമായ മാർഗത്തിലൂടെയാണ് അത് ശമിപ്പിക്കുന്നതെങ്കിൽ നിങ്ങൾക്ക് കുറ്റമുണ്ടാവില്ലേ, അതുപോലെ അനുവദനീയ മാർഗത്തിലാണ് അത് ചെയ്യുന്നതെങ്കിൽ അതിന്റെ പേരിൽ നിങ്ങൾക്ക് കൂലിയുമുണ്ടാവും."

സൂക്തത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മോഹങ്ങൾ കാലദേശങ്ങൾക്കനുസരിച്ച് മാറുന്നവയല്ല. ഉദാഹരണത്തിന്, സ്ത്രീയോടുള്ള ആകർഷണം വളരെ യുക്തിപൂർവം അല്ലാഹു നിക്ഷേപിച്ച ഒരു വികാരമാണ്. പ്രജനനത്തിലൂടെ മനുഷ്യ വംശത്തെ നിലനിർത്തുക എന്നതാണ് ആ യുക്തി. പ്രജനനത്തിന്റെ ഇടം സ്ത്രീയാണ്. അതിനാൽ പുരുഷൻ അവളിലേക്ക് ആകർഷിക്കപ്പെടുന്നത് തീർത്തും സ്വാഭാവികമത്രെ. അല്ലായിരുന്നെങ്കിൽ പ്രജനനം ഒരു ബാധ്യതാ നിർവഹണം പോലെ ആവുകയും അത് ചിലപ്പോൾ മടുപ്പുളവാക്കുകയും

ചെയ്യുമായിരുന്നു.[6]

അപ്പോൾ ഈ വികാരങ്ങളും മോഹങ്ങളും സഫലീകരിക്കുന്നത് അനുവദനീയമായ മാർഗത്തിലൂടെയാണെങ്കിൽ നമസ്കാരം, നോമ്പ് പോലുള്ള മതാനുഷ്ഠാനങ്ങളെപ്പോലെ അത് ദൈവപ്രീതി നേടിത്തരുന്ന സൽകർമമാണെന്ന് വരുന്നു. നാം ഉദ്ധരിച്ച നബിവചനത്തിൽ അക്കാര്യം വ്യക്തമായി പറയുന്നുണ്ട്. പൂർണ മനുഷ്യനായ പ്രവാചകൻ മറ്റൊരിക്കൽ പറയുകയുണ്ടായി: "സുഗന്ധങ്ങളും സ്ത്രീകളും എനിക്ക് പ്രിയമാണ്. എന്റെ കൺകുളിർമ നമസ്കാരവുമാണ്." നമസ്കാരവും സ്ത്രീപുരുഷബന്ധവും തമ്മിലുള്ള വേർതിരിവുകൾ മായ്ച്ചു കളയുന്നവിധം ഈ പൂർണ മനുഷ്യനിൽ അവ രണ്ടും ചേർന്നു നിൽക്കുന്നത്, ലൈംഗികതയെ മ്ലേഛമായി കരുതുന്ന എല്ലാ കെട്ടുകഥകളെയും മതബോധനങ്ങളെയും തകർക്കുന്നതാണ്. ■

(തുടരും)

**കുറിപ്പുകൾ**

1. *ഫീളിലാലിൽ ഖുർആൻ* 3/384, ദാറുശ്ശുറൂഖ്
2. *അൽജാമിഉ ലി അഹ്കാമിൽ ഖുർആൻ* 4/28, ദാറുൽ കിതാബിൽ അറബി
3. *അൽകശ്ശാഫ്* 1/416
4. *അൽ മീസാനു ഫീ തഫ്സീരിൽ ഖുർആൻ* 3/102, മുഅസ്സസതുൽ അഅ്ലമി, ബൈറൂത്ത്
5. *അൽമനാർ* 3/239
6. *അത്തഹ്‌രീറു വത്തൻവീർ* 3/170